"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ല — കുറ്റൂർ ഗ്രാമപഞ്ചായത്ത് - 2005-2006 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1- തടസ്സപ്പെടുത്തിയ തുക - സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ.(സാധാ) നം.253/2023/LSGD തീയതി,തിരുവനന്തപുരം, 29-01-2023

പരാമർശം:-
1. പഞ്ചായത്ത് ഡയറക്ടറുടെ 15/11/2022 ലെ PAN/17187/2022M3(DP) നമ്പർ കത്ത്.
2. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07/01/2023 — ലെ ഡി.കെ.എസ്.എ/4295/ പി.റ്റി1 /2022 നമ്പർ കത്ത്.

**ഉത്തരവ്**

ആശ്രയ പദ്ധതി നിലനില്ക്കേ, പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ അശരണരായ വൃദ്ധർക്ക് ഭക്ഷണം നൽകുന്നതിനായുള്ള പ്രോജക്റ്റ്, പ്ലാൻ ഫണ്ടിൽ നിന്നും 1,17,000/- രൂപ ചെലവഴിച്ചത് പദ്ധതി സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.1 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു .

2. ഗ്രാമപഞ്ചായത്തിലെ അവശത അനുഭവിക്കുന്ന ജനവിഭാഗത്തിന് ആശ്വാസമാകുന്ന പദ്ധതി എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനത്തോടെയും ജില്ലാ ആസൂത്രണ സമിതി അംഗീകാരത്തോടെയുമാണ് പദ്ധതി നടപ്പിലാക്കിയതെന്നും ആശ്രയ പദ്ധതി നിലവിലുള്ളപ്പോൾ നടപ്പിലാക്കിയ പദ്ധതിയായതിനാൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിരുന്നെങ്കിലും 1,17,000/- രൂപ വകയിരുത്തി 70,770/- രൂപ ചെലവഴിച്ച ടി പദ്ധതിയുടെ ഗുണഭോക്താക്കൾ ആനുകൂല്യത്തിന് ഏറ്റവും അർഹരായിരുന്നെന്നും ചെലവഴിച്ച തുകയുടെ ഗുണഫലം ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ടെന്നും പദ്ധതി നിർവ്വഹണത്തിൽ വീഴ്ചയുണ്ടായിട്ടുള്ളതായി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടായിട്ടില്ലെന്നും സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും ഏറ്റവും താഴെത്തട്ടിൽ നില്ക്കുന്നവർക്ക് ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ ഈ പദ്ധതി പ്രയോജനപ്രദമായിരുന്നു എന്ന വസ്തുത പരിഗണിച്ച് പദ്ധതി രൂപീകരണത്തിൽ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ മനഃപൂർവ്വമല്ലാതെ ഉണ്ടായ വീഴ്ചയും പദ്ധതി നിർവ്വഹണത്തിനായി ചെലവഴിച്ച 70,770/- രൂപയുടെ ചെലവും സാധൂകരിച്ച് നൽകണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ ശുപാർശ ചെയ്തിട്ടുണ്ട്.

3. അശരണരായ വൃദ്ധർക്ക് ഭക്ഷണവിതരണം എന്ന പദ്ധതിയുടെ ഗുണഭോക്താക്കൾ ആനുകൂല്യത്തിന് അർഹരായിരുന്നുവെന്നും സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും

ഏറ്റവും താഴെത്തട്ടിൽ ഉൾപ്പെട്ടിരുന്ന ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രയോജനകരമായിരുന്നുവെന്നും പദ്ധതി രൂപീകരണത്തിൽ സർക്കാർ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ മനപൂർവ്വമായ വീഴ്ചയുണ്ടായിട്ടില്ലെന്നും പദ്ധതിയിൽ സാമ്പത്തിക ക്രമക്കേട് ഉണ്ടായിട്ടില്ലെന്നും പഞ്ചായത്ത് കമ്മിറ്റി വിലയിരുത്തിയിട്ടുള്ളതിനാലും 24.05.2022 ലെ പത്തനംതിട്ട ജില്ലാതല ഓഡിറ്റ് മേണിറ്ററിംഗ് സമിതിയുടെ തീരുമാനം, കുറ്റൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.09.2021 ലെ 4(1) നം. തീരുമാനം, പത്തനംതിട്ട ജില്ലാ ഓഡിറ്റ് കാര്യാലയം, സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ അനുകൂല ശുപാർശ എന്നിവ പരിഗണിച്ചും പ്രസ്തുത പരാമർശത്തിന് സർക്കാർ സാധൂകരണം നൽകുന്നതിന് എതിർപ്പില്ലെന്ന് സംസ്ഥാന ഓഡിറ്റ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. മേൽ വിശദീകരിച്ച വസ്തുതകളുടേയും ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുകൂലതീരുമാനം, പഞ്ചായത്ത് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ അനുകൂല റിപ്പോർട്ടും പരിഗണിച്ച് പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ **2005-06** വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക **3.1** പ്രകാരം തടസ്സപ്പെടുത്തിയ **70,700/-** രൂപയുടെ (എഴുപതിനായിരത്തി എഴുനൂറ് രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റീജ ജസ്റ്റസ്
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
സെക്രട്ടറി, കുറ്റൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ് .
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
പകർപ്പ്:-ബഹു.തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പി.എസ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്),
കേരളം, തിരുവനന്തപുരം